നാടുചുറ്റാനെത്തി കൈയിലെ പണം തീർന്നപ്പോൾ തട്ടിക്കൊണ്ടുപോകൽ കഥമെനഞ്ഞ് വിദ്യാർത്ഥി പോലീസിനെ വലച്ചു

തളിപ്പറമ്പ: വീട്ടുകാരെ അറിയിക്കാതെ നാടുചുറ്റാനിറങ്ങി കൈയിലെ പണം തീർന്നപ്പോൾ തട്ടിക്കൊണ്ടുപോകൽ കഥമെനഞ്ഞ് വിദ്യാർത്ഥി പോലീസിനെ വലച്ചു. ചെമ്പന്തൊട്ടിയിലെ ഒരു സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിയാണ് കഥാപാത്രം. ഇന്നലെ വൈകുന്നേരം അഞ്ചുമണിയോടെ ഉമ്മക്കൊപ്പം തളിപ്പറമ്പ് പോലീസ് സ്റ്റേഷനിലെത്തിയാണ് വിദ്യാർത്ഥി തന്നെ ജീപ്പിൽ ഒരു സംഘം തട്ടിക്കൊണ്ടുപോയെന്ന് പരാതിപ്പെട്ടത്.

വിദ്യാർത്ഥി പറഞ്ഞതിങ്ങനെ: ''ഇന്നലെ രാവിലെ സ്കൂളിലേക്ക് പോകുമ്പോൾ ചെമ്പന്തൊട്ടി ടൗണിൽ വച്ച് ഒരു സംഘം തന്നെ ജീപ്പിൽ പിടിച്ചു കയറ്റി. ഏതോ ദ്രാവകം മുക്കിയ പഞ്ഞി മൂക്കിൽ വച്ച് ബോധം കെടുത്തി. വൈകുന്നേരം മൂന്ന് മണിയോടെയാണ് ബോധം തിരിച്ചുകിട്ടിയത്. ആ സമയം ജീപ്പ് തളിപ്പറമ്പ് മന്നക്ക് ട്രാഫിക് സിഗ്നൽ പോയിന്റിൽ ഗ്രീൻ സിഗ്നൽ കാത്തുനിൽക്കുകയായിരുന്നു. ഉടൻ താൻ ജീപ്പിൽ നിന്ന് പുറത്തേക്ക് ചാടി ഓടി സീതിസാഹിബ് സ്കൂൾ വഴി തളിപ്പറമ്പ് മദ്രസയിലെത്തി.'' ഓടിക്കിതച്ചെത്തിയ വിദ്യാർത്ഥിയിൽ നിന്ന് വിവരങ്ങൾ ആരാഞ്ഞ മദ്രസ അധികൃതരാണ് വിദ്യാർത്ഥിയുടെ മാതാവിനെ വിളിച്ച് വിവരം പറഞ്ഞത്. ഉടൻ ഉമ്മയെത്തി കുട്ടിയെയും കൂട്ടി പോലീസ് സ്റ്റേഷനിലെത്തുകയായിരുന്നു. സ്റ്റേഷനിൽ അപ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന ജി.ഡി ചുമതലയുള്ള എ.എസ്.ഐ വത്സലൻ വിവരം സി.ഐ വിനോയിയെ ധരിപ്പിച്ചു. വിനോയി ഒന്നര മണിക്കൂറോളം വിദ്യാർത്ഥിയെ വിശദമായി ചോദ്യം ചെയ്തതിന് ഒടുവിലാണ് താൻ കഥമെനഞ്ഞതാണെന്ന് സമ്മതിച്ചത്.

ഇന്നലെ രാവിലെ സ്കൂളിൽ പോകാതെ നൂറു രൂപയുമായി വിദ്യാർത്ഥി തളിപ്പറമ്പിലെത്തുകയായിരുന്നു. ഇവിടെ നിന്ന് കണ്ണൂരിലേക്ക് പോയ വിദ്യാർത്ഥി അവിടെ ഒരു മാളിൽ ചുറ്റിക്കറങ്ങുകയും ഭക്ഷണം കഴിക്കുകയുമൊക്കെ ചെയ്തു. തളിപ്പറമ്പിലെത്തിയപ്പോൾ കൈവശം ഒരു രൂപ മാത്രമാണ് അവശേഷിച്ചത്. നാട്ടിലേക്കെത്താൻ ഒരു രൂപ മതിയാകുമായിരുന്നില്ല. അതിനാൽ ഉമ്മയെ വിളിച്ചുവരുത്തി നാട്ടിലേക്ക് പോകാൻ വിദ്യാർത്ഥി കണ്ടെത്തിയ മാർഗമായിരുന്നു തട്ടിക്കൊണ്ടുപോകൽ കഥ.

പ്രതിഷേധ ധർണ്ണ
മുസ്ലിം ലീഗ്
2018 സപ്തം: 7

മുനിസിപ്പൽ മുസ്ലിം ലീഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ തളിപ്പറമ്പിൽ നടത്തിയ പ്രതിഷേധ പ്രകടനം

സർസയ്യിദ് സ്കൂളിൽ കുട്ടികൾ തമ്മിലുള്ള തല്ല് രക്ഷിതാക്കൾ ഏറ്റെടുത്തു

തളിപ്പറമ്പ: സർസയ്യിദ് ഹയർസെക്കണ്ടറി സ്കൂളിൽ സീനിയർ വിദ്യാർത്ഥികൾ ജൂനിയർ വിദ്യാർത്ഥികളെ മർദിച്ചു. റാഗിംങ്ങിന്റെ പരിധിയിൽ വരുന്നതാണ് മർദനം. പ്ലസ്ടു വിദ്യാർത്ഥികളാണ് പ്ലസ് വൺ വിദ്യാർത്ഥികളെ ക്ലാസിൽ കയറി മർദിച്ചത്. വിവരമറിഞ്ഞ ഒരു വിഭാഗം രക്ഷിതാക്കൾ എത്തി സീനിയർ വിദ്യാർത്ഥികളെ മർദിച്ചതായി പരാതി.

കഴിഞ്ഞ ദിവസം ശുചിമുറിക്ക് മുന്നിൽ ഉണ്ടായ തർക്കമാണ് മർദനത്തിന് കാരണമായത്. പ്ലസ് വൺ വിദ്യാർത്ഥി ശുചിമുറിയിലേക്ക് വെള്ളവുമായി പോകുമ്പോൾ പ്ലസ്ടു വിദ്യാർത്ഥി തടയുകയും വെള്ളം നിറച്ച പാത്രം തട്ടിക്കളയുകയും ചെയ്തുവെന്നാണ് പരാതി. ഈ രീതിയിൽ പെരുമാറിയ പ്ലസ്ടു വിദ്യാർത്ഥിയെ പുറത്ത് നിന്ന് രക്ഷിതാവ് കൈകാര്യം ചെയ്തു. ഇതിൽ പ്രകോപിതരായ സീനിയർ വിദ്യാർത്ഥികൾ ഇന്നലെ ക്ലാസിൽ കയറി പ്ലസ് വൺ വിദ്യാർത്ഥികളെ പൊതിരെ തല്ലുകയായിരുന്നു. നിരവധി വിദ്യാർത്ഥികൾക്ക് പരിക്കേറ്റു. വിവരമറിഞ്ഞ് പോലീസ് സ്ഥലത്തെത്തിയിരുന്നു. മർദ്ദിച്ച വിദ്യാർത്ഥികളോട് രക്ഷിതാക്കളെയും കൂട്ടി പോലീസ് സ്റ്റേഷനിലെത്താൻ പോലീസ് ആവശ്യപ്പെട്ടു. ഇന്ന് രാവിലെ മർദകരായ വിദ്യാർത്ഥികളെ കൈകാര്യം ചെയ്യുമെന്ന് പറഞ്ഞ് ഒരു വിഭാഗം രക്ഷിതാക്കൾ സ്കൂൾ കവാടത്തിൽ തമ്പടിച്ചിരുന്നു. ഈ വിവരം അറിഞ്ഞ് തളിപ്പറമ്പ എസ്.ഐ കെ.ദിനേശന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം സ്ഥലത്തെത്തി. രക്ഷിതാക്കളെയടക്കം പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിച്ചു. പ്രശ്നം രമ്യമായി തീർക്കാൻ സ്കൂൾ മാനേജ്മെന്റും അധ്യാപകരും പോലീസും കിണഞ്ഞ് ശ്രമിക്കുന്നുണ്ട്. അതേസമയം ഒരു വിഭാഗം രക്ഷിതാക്കൾ അവരുടെ മക്കൾക്ക് 2 ലക്ഷത്തിന്റെ ബൈക്ക് ഉൾപ്പെടെയുള്ള ആഢംബര വസ്തുക്കൾ വാങ്ങി കൊടുത്തുവിടുന്നതാണ് പ്രശ്നത്തിന് ഒരു കാരണം. കുട്ടികളെ നേർവഴിക്ക് നയിക്കാൻ രക്ഷിതാക്കൾ തയ്യാറാകുന്നില്ലെന്ന പരാതി പോലീസിനുണ്ട്.

പാൻമസാലയുമായി വ്യാപാരി അറസ്റ്റിൽ

ശ്രീകണ്ഠപുരം: കട കേന്ദ്രീകരിച്ച് സ്ഥിരമായി പാൻമസാല വിൽപ്പന നടത്താറുള്ള വ്യാപാരി അറസ്റ്റിൽ. പരിപ്പായിലെ പയ്യൻ പുത്തൻവീട്ടിൽ ദിലീപിനെയാണ് (37)ശ്രീകണ്ഠപുരം എസ്.ഐ സി. പ്രകാശൻ അറസ്റ്റ് ചെയ്തത്. ഇയാളുടെ കടയിൽ നിന്ന് നിരവധി പാൻ ഉൽപ്പന്നങ്ങളും പിടിച്ചെടുത്തു.

മണൽക്കടത്തിനിടെ പഴയങ്ങാടിയിൽ പോലീസ് പിടികൂടിയ ലോറി

പഴയങ്ങാടിയിൽ മണൽക്കടത്ത് ലോറി പിടികൂടി; ഒരാൾ അറസ്റ്റിൽ

പഴയങ്ങാടി: അനധികൃതമായി മണൽക്കടത്തുകയായിരുന്ന ടിപ്പർ ലോറി പഴയങ്ങാടി എസ്.ഐ ബിനു മോഹനനും സംഘവും പിടികൂടി. ഡ്രൈവർ മാട്ടൂലിലെ കീറ്റുങ്കണ്ടി സാബിറിനെ (34) അറസ്റ്റ് ചെയ്തു. ആറുതെങ്ങ് പുഴക്കടവിൽ നിന്ന് അനധികൃതമായി മണൽക്കടത്തുന്നതായി രഹസ്യ വിവരത്തെ തുടർന്ന് ഇന്ന് രാവിലെയാണ് പോലീസ് സംഘം റെയ്ഡ് നടത്തി ടിപ്പർ ലോറി പിടിച്ചെടുത്തത്. വണ്ടിയിലുണ്ടായിരുന്ന മറ്റുള്ളവർ ഓടിരക്ഷപ്പെട്ടു.

കുറുമാത്തൂരിൽ വിദേശമദ്യവുമായി മധ്യവയസ്ക്കൻ അറസ്റ്റിൽ

തളിപ്പറമ്പ: തളിപ്പറമ്പ റെയിഞ്ച് പ്രിവന്റീവ് ഓഫീസർ കെ.പി. വിജയന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ കുറുമാത്തൂർ താനിക്കുന്നിൽ വെച്ച് എട്ട് കുപ്പി ഇന്ത്യൻ നിർമ്മിത വിദേശമദ്യവുമായി മധ്യവയസ്ക്കനെ പിടികൂടി. കുറുമാത്തൂർ കീരിയാട്ടെ ഉത്തൻവളപ്പിൽ യു. സുരേന്ദ്രനെ(56) അറസ്റ്റ് ചെയ്തു. സി.ഇ.ഒമാരായ ആർ.പി. അബ്ദുൾനാസർ, ടി. ഖാലിദ്, ടി.വി. വിനീഷ്, വനിത സി.ഇ.ഒ പി. ജിഷ, ഡ്രൈവർ സി.വി. അനിൽകുമാർ എന്നിവരും പരിശോധനാ സംഘത്തിലുണ്ടായിരുന്നു.

ക്ഷേമ പെൻഷൻ അട്ടിമറി; നഗരസഭയിലേക്ക് ലീഗ് മാർച്ച്

തളിപ്പറമ്പ: ഇടത് സർക്കാരിന്റെ ക്ഷേമപെൻഷൻ അട്ടിമറിക്കെതിരെ തളിപ്പറമ്പ മുൻസിപ്പൽ മുസ്ലിംലീഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നഗരസഭ ഓഫീസിന് മുന്നിൽ ധർണ നടത്തി. വർഷങ്ങളായി വിവിധ പെൻഷനുകൾ കൈപ്പറ്റി വരുന്ന ദുർബല ജനവിഭാഗങ്ങളുടെ പെൻഷനുകൾ ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞ് ഇടത് സർക്കാർ അട്ടിമറിക്കുന്നുവെന്നാരോപിച്ചായിരുന്നു ധർണ.

മുസ്ലിംലീഗ് ജില്ലാ വൈസ് പ്രസിഡണ്ട് അഡ്വ. എസ്. മുഹമ്മദ് ഉദ്ഘാടനം ചെയ്തു. മുൻസിപ്പൽ പ്രസിഡണ്ട് കൊടിയിൽ സലിം അധ്യക്ഷത വഹിച്ചു. ഇബ്രാഹിംകുട്ടി തിരുവട്ടൂർ, സി.പി.വി. അബ്ദുള്ള, കെ. മുസ്തഫഹാജി, കെ.വി. അബ്ദുള്ള ഹാജി, പി.സി. നസീർ, കെ.പി. ഹനീഫ, ഓലിയൻ ജാഫർ, സിദ്ദീഖ് ഗാന്ധി, സി.പി. ഖാദർ ഹാജി, പറമ്പിൽ അബ്ദുറഹ്മാൻ, പി.പി. ഇസ്മായിൽ, സി. ഉമ്മർ, റഫീഖ് പറമ്പിൽ, എൻ.യു. ശഫീഖ്, ഉസ്മാൻ കൊമ്മച്ചി, സി. സിറാജ്, അഷ്റഫ് ബപ്പു സംസാരിച്ചു. മുൻസിപ്പൽ ജനറൽ സെക്രട്ടറി പി.പി. മുഹമ്മദ് നിസാർ സ്വാഗതവും കെ. മുഹമ്മദ് സഫീർ നന്ദിയും പറഞ്ഞു. കപ്പാലം വ്യാപാര ഭവൻ കേന്ദ്രീകരിച്ച് പ്രതിഷേധ മാർച്ചും സംഘടിപ്പിച്ചു.

റബർ ടാപ്പിംഗിനിടെ യുവാവിനെ കാട്ടുപന്നി ആക്രമിച്ചു

ആലക്കോട്: റബർ ടാപ്പിംഗ് നടത്തുകയായിരുന്ന യുവാവിന് കാട്ടുപന്നിയുടെ ആക്രമണത്തിൽ പരിക്കേറ്റു. വിമലശേരിയിലെ പീടികയിൽ ജോസഫിന്റെ മകൻ മനോജിനാണ്(39) പരിക്കേറ്റത്. ഇന്ന് രാവിലെ 9 മണിയോടെ വീടിന് സമീപത്തെ റബർ തോട്ടത്തിൽ വെച്ചാണ് സംഭവം. മനോജിന്റെ കാലിനാണ് കാട്ടുപന്നിയുടെ കുത്തേറ്റത്. നിലത്തുവീണ മനോജ് അത്ഭുതകരമായാണ് രക്ഷപ്പെട്ടത്. പരിക്കേറ്റ മനോജിനെ കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു.

കാട്ടുപന്നിയുടെ അക്രമത്തിൽ പരിക്കേറ്റ മനോജ്

പയ്യാവൂരിൽ പുലിയെ കണ്ടതായി വിദ്യാർത്ഥികൾ; കാട്ടുപൂച്ചയാണെന്ന് വനം വകുപ്പ്

പയ്യാവൂർ: പയ്യാവൂരിൽ കാണപ്പെട്ടത് പുലിയല്ല കാട്ടുപൂച്ചയാണെന്ന് വനം വകുപ്പ് സ്ഥിരീകരിച്ചു. ഇന്ന് രാവിലെ ചന്ദനക്കാംപാറ - വഞ്ചിയം റോഡിലാണ് വിദ്യാർത്ഥികൾ പുലിക്ക് സമാനമായ മൃഗത്തെ കണ്ടത്. ചന്ദനക്കാംപാറ സ്കൂളിലേക്ക് പോവുകയായിരുന്ന വിദ്യാർത്ഥികൾ ഇതിനെ കണ്ട് ഓടിയതിനെ തുടർന്നാണ് നാട്ടുകാർ വിവരമറിഞ്ഞത്. പാറപ്പുറത്ത് പുലി നിൽക്കുന്നത് കണ്ടുവെന്നാണ് വിദ്യാർത്ഥികൾ പറഞ്ഞത്. കഴിഞ്ഞ ദിവസം ഇതിന് സമീപം പുലിയെ ചില ഓട്ടോ ഡ്രൈവർമാരും കണ്ടിരുന്നുവത്രെ. വിവരമറിഞ്ഞ് എസ്.ഐ ജോൺസണിന്റെ നേതൃത്വത്തിൽ പോലീസ് സംഘവും വനം വകുപ്പ് ഉദ്യോഗസ്ഥരും സ്ഥലത്തെത്തി. വനം വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിലാണ് വള്ളിപ്പുലി എന്നറിയപ്പെടുന്ന കാട്ടുപൂച്ചയാണ് ഇതെന്ന് വ്യക്തമായത്. കാലടയാളം പരിശോധിച്ചാണ് വനം വകുപ്പ് ഉദ്യോഗസ്ഥർ ഇത്തരമൊരു നിഗമനത്തിലെത്തിയത്.

പോലീസുകാരനെ തെറിപറഞ്ഞ ഓട്ടോഡ്രൈവർക്കെതിരെ കേസ്

കണ്ണൂർ: റെയിൽവേ സ്റ്റേഷന് സമീപത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരനെ ചീത്തവിളിച്ച ഓട്ടോഡ്രൈവർക്കെതിരെ കേസ്. കെ.എൽ 13 എ.ഡി 1419 ഓട്ടോഡ്രൈവർ അബ്ദുൾറൗഫിന് (50) എതിരെയാണ് ടൗൺ പോലീസ് കേസെടുത്തത്.

ഇന്നലെ രാത്രി 12 മണിക്ക് റെയിൽവേ സ്റ്റേഷന് സമീപത്തെ പ്രീ പെയ്ഡ് ഓട്ടോ നിരയിൽ നിർത്താതെ പുറത്തുനിന്ന് യാത്രക്കാരെ കയറ്റുന്നത് പോലീസുകാരൻ ചോദ്യം ചെയ്തിരുന്നു. ഇതേ തുടർന്നാണ് ഡ്രൈവർ തെറിവിളിച്ചതത്രെ. ഓട്ടോറിക്ഷ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ബഹളംകേട്ട് ആൾക്കാർ സംഘടിച്ചതോടെ ഓട്ടോഡ്രൈവർ ഓടിരക്ഷപ്പെടുകയായിരുന്നു.

വ്യാപാരിയെ അക്രമിച്ചതിന് പട്ടാളക്കാരനെതിരെ കേസ്

ശ്രീകണ്ഠപുരം: പയ്യാവൂരിലെ വ്യാപാരിയെ അക്രമിച്ചതിന് പട്ടാളക്കാരനെതിരെ പയ്യാവൂർ പോലീസ് കേസെടുത്തു. കാട്ടിക്കണ്ടത്തെ കൊട്ടയാടൻ സുനിക്ക് (24) എതിരെയാണ് കേസ്. പയ്യാവൂർ ടൗണിലെ വ്യാപാരി മുഹമ്മദ് അഷ്റഫിന്റെ പരാതിയിലാണ് കേസെടുത്തത്. കഴിഞ്ഞ ദിവസം വ്യാപാരിയുടെ ഭാര്യക്കൊപ്പം സുനിയെ കണ്ടതിന് ചോദ്യം ചെയ്ത വ്യാപാരിയെ കസേര കൊണ്ട് തലക്കടിച്ച് പരിക്കേൽപ്പിച്ചുവെന്നാണ് കേസ്. സുനി ഒളിവിലാണ്.

കരുവഞ്ചാലിൽ ഓണം മെഗാ ഡിസ്കൗണ്ട് തുടരുന്നു
ദി ബെസ്റ്റ് കലക്ഷൻസ്
കരുവഞ്ചാൽ, Ph: 0460 2245280
ചുരിദാറുകൾ റെഡിമെയ്ഡ് ഷർട്ടുകൾ പകുതി വിലയ്ക്ക്
159 രൂപക്ക് ചുരിദാർ സെറ്റ്
99 രൂപക്ക് ലെഗിൻസ്
159 രൂപക്ക് സാരികൾ
159 രൂപക്ക് ഡബിൾമുണ്ടുകൾ
110 രൂപക്ക് ബെഡ് ഷീറ്റുകൾ

Ideal decor
FuMMA FURNITURE Fest 2018
WEEKLY DRAW
ഐഡിയലിൽ ഇനി ഫർണിച്ചർ മഹോത്സവം

ഫർണ്ണിച്ചർ ഉടമകളുടെ സംഘടനയായ ഫുമയുടെ ഫർണ്ണിച്ചർ ഫെസ്റ്റ് 2018ന്റെ ഈയാഴ്ചത്തെ വിജയിയായ വൽസല കുമാരി പന്നിയൂരിന് ഐഡിയൽ ഡെക്കർ ഏഴാംമൈൽ ഷോറൂമിൽ നടന്ന ചടങ്ങിൽ മലബാർ ഫർണ്ണിച്ചർ കൺസോർഷ്യം ചെയർമാൻ സി. അബ്ദുൾകരീം സമ്മാനം നൽകുന്നു. ഐഡിയൽ ഡെക്കർ പാർട്ണർ ജുനൈദ് സമീപം

100-ാം വയസിൽ അന്തരിച്ചു

ചെമ്പേരി: പുറഞ്ഞാണിലെ ആദ്യകാല കുടിയേറ്റ കർഷകൻ പരേതനായ പൈങ്ങോട്ട് തോമസിന്റെ ഭാര്യ ഏലിയാമ്മ (100) നിര്യാതയായി. റാന്നി കാട്ടൂർ പൊൻമേലിൽ കുടുംബാംഗമാണ്. മക്കൾ: ജോസ്, മേരിക്കുട്ടി, റോസമ്മ, വൽസമ്മ, സിസ്റ്റർ ചെറുപുഷ്പം (ഡി.എം. കോൺവെന്റ്, പടന്നക്കാട്), തങ്കമ്മ, മോളിക്കുട്ടി (റിട്ട. അധ്യാപിക, ചെമ്പേരി), ലില്ലിക്കുട്ടി, നിർമ്മല. മരുമക്കൾ: ഇസബെല്ല നമ്പ്യാപറമ്പിൽ (രയരോം), എബ്രഹാം ചാണ്ടി മണ്ണംപ്ലാക്കൽ (കുടിയാൻമല), സെബാസ്റ്റ്യൻ മേപ്രക്കാവിൽ മണക്കടവ് (ഉദയഗിരി പഞ്ചായത്ത് മുൻ പ്രസിഡണ്ട്), ജോസ് പുറങ്ങനാൽ (വിളക്കണ്ണൂർ), ചാണ്ടി നീരാക്കൽ (നിർമ്മലഗിരി), ഇമ്മാനുവൽ ചെമ്പനാംതടത്തിൽ (റിട്ട. അധ്യാപകൻ, ചെമ്പേരി), തോമസ് തെങ്ങുംപള്ളിൽ (ഉളിയിൽ), ടോമി ഇല്ലിക്കൽ (ആനപ്പന്തി). സംസ്കാരം ഇന്ന് വൈകുന്നേരം നാല് മണിക്ക് ചെമ്പേരി ലൂർദ് മാതാ ഫൊറോന പള്ളിയിൽ.

പാറു

നടുവിൽ: നടുവിൽ പഞ്ചായത്ത് ഓഫീസിന് സമീപത്തെ പരേതനായ പുതിയപുരയിൽ കുഞ്ഞമ്പുവിന്റെ ഭാര്യ പാറു(100) നിര്യാതയായി. മക്കൾ: നാരായണൻ, ജാനകി, രാഘവൻ, ബാലൻ, ഭാസ്ക്കരൻ, യശോദ, പരേതരായ കുഞ്ഞിരാമൻ, കുഞ്ഞമ്പു. മരുമക്കൾ: നാരായണി, ഒതേനൻ, രോഹിണി, പ്രേമ, അനിത, ബാലൻ. സഹോദരങ്ങൾ: കുഞ്ഞമ്പു (എസ്.എൻ), പരേതരായ കോരൻ, കല്യാണി. സംസ്കാരം ഇന്നുച്ചക്ക് 2ന് സമുദായ ശ്മശാനത്തിൽ.

മാധവി

തളിപ്പറമ്പ: തൃച്ചംബരത്തെ ശാന്തിനിലയത്തിൽ കെ.വി. നാരായണൻ നായർ മാസ്റ്ററുടെ ഭാര്യയും തൃച്ചംബരം യു.പി.സ്കൂൾ റിട്ടയേർഡ് അധ്യാപികയുമായ ടി.വി. മാധവി ടീച്ചർ(81) നിര്യാതയായി. ദീർഘകാലം പൂമംഗലം യു.പി. സ്കൂൾ അധ്യാപികയായിരുന്നു. മക്കൾ: സുജാമണി, മനോജ് (ഡിവിഷണൽ മാനേജർ, ന്യൂഇന്ത്യ അഷ്വറൻസ്, പോർട്ട് ബ്ലെയർ, ആന്റമാൻ), ജീവരാജ് (കൃഷി ഓഫീസർ, ജില്ലാ കൃഷി തോട്ടം, കരിമ്പം), അരുണകുമാരി അധ്യാപിക, തൃച്ചംബരം യു.പി.സ്കൂൾ). മരുമകൻ; ജയപ്രകാശ് വണ്ണാലത്ത് (എടാട്ട്, പയ്യന്നൂർ), സഹോദരങ്ങൾ: ഡോ. ഗോപാലൻ (റിട്ടയേർഡ് പ്രൊഫസർ, എൻ.ഐ.ടി, കോഴിക്കോട്), ദേവി (മുംബൈ), പരേതരായ ലക്ഷ്മിക്കുട്ടി അമ്മ, ടി.വി. കൃഷ്ണൻ നായർ, കാർത്ത്യായനി അമ്മ.

ജാനകി

ബക്കളം: കാനൂൽ കൈരളി വായനശാലക്ക് സമീപത്തെ മുത്തർഹൗസിൽ വി. ജാനകി (81) നിര്യാതയായി. ഭർത്താവ്: പരേതനായ ഗോവിന്ദൻ (വിമുക്തഭടൻ), മക്കൾ; ലക്ഷ്മണൻ, സുജാത, രജനി(ആശ വർക്കർ). മരുമകൾ: ശിവപ്രസാദ് (കാസർക്കോട്). സഹോദരങ്ങൾ: ബാലകൃഷ്ണൻ(കണ്ണൂർ), മാധവി (ചെറുകുന്ന്), പരേതരായ നാരായണി, ഗോവിന്ദൻ.

ചരമം

അന്നമ്മ

ആലക്കോട്: ചെറുപാറയിലെ പരേതനായ മാണ്ണൂർ മാണിയുടെ ഭാര്യ അന്നമ്മ (93) നിര്യാതയായി. മക്കൾ: വർക്കി, മാനുവൽ, മേരി, ജോണി, തോമസ്, ജയിംസ്, ഡെയ്സി, പരേതനായ ജോസഫ്. മരുമക്കൾ: മറിയാമ്മ, റോസമ്മ, മാർഗരറ്റ്, ടോമി മൈലയ്ക്കൽ, സിസിലി, ഗ്രേസി, ജയ്സൺ മടുങ്കാവുങ്കൽ (ആലക്കോട്, ലീന. സംസ്കാരം ഇന്ന് ഉച്ച കഴിഞ്ഞ് രണ്ടിന് ചെറുപാറ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ.

ത്രേസ്യാമ്മ

ആലക്കോട്: കാവുംകുടിയിലെ പരേതനായ അട്ടാറിമാക്കൽ ജോസഫിന്റെ ഭാര്യ ത്രേസ്യാമ്മ(80) നിര്യാതയായി. കുട്ടാപറമ്പ് പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ഏലിയാമ്മ, കുട്ടിയച്ചൻ, അന്നമ്മ, ജോസ്. മരുമക്കൾ: ജയിംസ് തടത്തിൽ (എരുവാട്ടി), റിൻസി കണ്ണാട്ട്, രാജു ചേലമരത്തിങ്കൽ (നെടുവോട്), ലിൻസി കാക്കത്തുരുത്തേൽ. സംസ്കാരം ഇന്നുച്ച കഴിഞ്ഞ് 2.30ന് വെള്ളാട് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ.

രാമചന്ദ്രപൊതുവാൾ

പയ്യന്നൂർ: കണ്ടോത്ത് പയ്യഞ്ചാലിലെ എ.വി. രാമചന്ദ്രപൊതുവാൾ (71)നിര്യാതനായി. ഭാര്യ: വി.പി. രാജലക്ഷ്മി. മക്കൾ: രഞ്ജിത്ത് (ജ്യോൽസ്യൻ, തളിപ്പറമ്പ), അഞ്ജന. മരുമക്കൾ: രാജേഷ് (പൂന), ആർ.കെ. ഷൈമ. സഹോദരങ്ങൾ: കാർത്യായനിയമ്മ, മാധവപൊതുവാൾ (ജ്യോൽസ്യൻ), തമ്പായിയമ്മ, ഭാനുമതി.

ജോസഫ്

ആലക്കോട്: സൗത്ത് പെരിങ്ങാലയിലെ പാലമുറിയിൽ ജോസഫ്(74) നിര്യാതനായി. ഭാര്യ: മറിയക്കുട്ടി. മക്കൾ: ബിനോയി, സിബി, ബീന, ബിനു, ബിന്ദു. മരുമക്കൾ; ഷൈല, സിൽവിയ, സണ്ണി, ബിജു. സംസ്കാരം നാളെ രാവിലെ 11 മണിക്ക് ചെറുപാറ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ.

അബ്രാഹം

പയ്യാവൂർ: ചെറിയ അരീക്കാമല കാരക്കുന്നേൽ വർക്കി-ത്രേസ്യാമ്മ ദമ്പതികളുടെ മകൻ അബ്രാഹം (38) നിര്യാതനായി. സഹോദരങ്ങൾ: ജോസ്, കുഞ്ഞേപ്പ്, സിസ്റ്റർ അഞ്ജലി (എൻ.എസ്. വെണ്ണക്കല്ല് കോൺവെന്റ്), സിസ്റ്റർ ഫ്ളവറിറ്റ് (എൻ.എസ്. ജർമ്മനി), മത്തച്ചൻ, ജോബി. സംസ്കാരം നാളെ രാവിലെ 11.30ന് അരീക്കാമല സെന്റ് ജോസഫ്സ് പള്ളിയിൽ.

ഗൗരി

കണ്ണൂർ: പന്നേമ്പാറയിലെ പരേതനായ എം.കെ. കിട്ടുണ്ണിയുടെയും എം.പി. ജാനകിയുടെയും മകൾ എം.പി. ഗൗരി (92) നിര്യാതയായി. ഭർത്താവ്: പരേതനായ കെ. കുഞ്ഞിക്കണ്ണൻ (റിട്ട. ടെലിഗ്രാഫ് മാസ്റ്റർ). മക്കൾ: വനജ, വിപിൻ (കേനന്നൂർ ഹാന്റ്ലൂം എക്സ്പോർട്ട്, ചൊവ്വ). മരുമകൻ: ജ്യോതിപ്രകാശ് (റിട്ടയേർഡ് സീനിയർ സൂപ്രണ്ട്, ആർ.ടി. ഓഫീസ്, കണ്ണൂർ).

ഖദീജ

തളിപ്പറമ്പ: അള്ളാംകുളത്തെ മൊട്ടമ്മൽ ഖദീജ (95) നിര്യാതയായി. ഭർത്താവ്: പരേതനായ മുഹമ്മദ്. മക്കൾ: ഉമ്മർ (ഷാർജ), പരേതനായ മുഹമ്മദ്കുഞ്ഞി.

ബേബി

ആലക്കോട്: ചീക്കാട്ടെ ആദ്യകാല കുടിയേറ്റ കർഷകൻ പരേതനായ ഈറ്റയ്ക്കൽ ആന്റണിയുടെ മകൻ ബേബി (63) കണ്ണൂരിൽ നിര്യാതനായി. ആലക്കോട് മേഖലയിലെ അറിയപ്പെടുന്ന സുവിശേഷ പ്രവർത്തകനായ ബേബി കുറച്ചു കാലമായി കണ്ണൂർ മേലെ ചൊവ്വയിലായിരുന്നു താമസം. ഏറെക്കാലം ആലക്കോട് ടൗണിന് സമീപവും താമസിച്ചിരുന്നു. ഭാര്യ: കരുവഞ്ചാൽ അട്ടാറിമാക്കൽ കുടുംബാംഗം ലീലാമ്മ. മക്കൾ: ബിജോയ് (കാസർക്കോട്), ബിൻസി (മസ്ക്കറ്റ്). മരുമക്കൾ: സോഫി, ജിലീഷ്. സഹോദരങ്ങൾ: ലീലാമ്മ പുത്തൻപുര (വായാട്ടുപറമ്പ്), ജോണി, ഡെയ്സി കിടാരത്തിൽ (പരപ്പ), സാജു സിനിഞ്ഞാറയ്ക്കാട്ട് (ഉദയഗിരി), സിസ്റ്റർ നാൻസി സി.എം.സി (റോം), സിബി, പരേതനായ ജോസ് (കാപ്പിമല). സംസ്കാരം 10ന് തിങ്കളാഴ്ച ഉച്ചക്ക് രണ്ടിന് കാസർക്കോട് ബദിയടുക്ക സെന്റ്മേരീസ് പള്ളിയിൽ.

കുഞ്ഞിപ്പാത്തു

പഴയങ്ങാടി: മുട്ടത്തെ പരേതനായ മൂസഹാജിയുടെ ഭാര്യ എസ്.എ.പി.കുഞ്ഞിപ്പാത്തു (65) നിര്യാതയായി. മക്കൾ: ഇസ്മയിൽ (സോന മാർബിൾ, പയ്യന്നൂർ), മുയിനുദ്ദീൻ (സോന ലൈറ്റ്സ്, പയ്യന്നൂർ). മരുമക്കൾ: വി.റയീസ (സംസ്ഥാന മുസ്ലിംലീഗ് വൈസ് പ്രസിഡണ്ട് വി.കെ.അബ്ദുൾഖാദർ മൗലവിയുടെ മകൾ), ഫൗസിയ (പെരുമ്പ). സഹോദരങ്ങൾ: ഇബ്രാഹിംകുട്ടി (പെരുമ്പ), പരേതനായ മഹമൂദ് ഹാജി.

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന് : 2,845
പവന് :22,760
പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 271 RNI Reg.No.KER MAL/2007/22043